ാനപ്പെട്ട ബില്ലുകൾ പാർ
ൻറിൻെറ പരിഗണനക്ക്
ിരിക്കുകയാണ്.



മർസൂഖ് അൽ ഗാനിം

(പ്രസി), സി.കെ. നജ്ഞബ, നിസാർ കെ. റഷീദ് (വൈസ് പ്രസി), പി.ടി. ഷാഫി (ജന. സെക്ര.), ഷാഫി കോയമ്മ, അബ്ദുൽ ബാസിത് (സെക്ര.), മുഹമ്മദ് ഷാഹിദ് (ട്രഷ.)

ഹിം, കെ.വി. ഫവാ
മുഹമ്മദ് ഷാഫി, 
സലീം, മുഹമ്മദ് ഹാ
ഫായിസ് എന്നിവരാ
ക്യൂട്ടീവ് കമ്മിറ്റി അം

# സക്കീനയുടെ കുടുംബത്തിന് ഒരുമ സഹായധനം നൽകി

**കുവൈത്ത് സിറ്റി:** കെ.ഐ.ജിക്ക് കീഴിലുള്ള സാമൂഹ്യ സുരക്ഷാ പദ്ധതിയായ ഒരുമയിൽ അംഗമായിരിക്കെ നിര്യാതയായ കോഴിക്കോട് പയ്യോളി സ്വദേശിനി സക്കീനയുടെ കുടുംബത്തിനുള്ള സഹായധനം വിതരണം ചെയ്തു. കുവൈത്തിലുള്ള ബന്ധുക്കൾക്കാണ് രണ്ട് ലക്ഷം രൂപയുടെ ഡ്രാഫ്റ്റ് കൈമാറിയത്. ഒരുമ കമ്മിറ്റി അംഗങ്ങളായ കെ. അബ്ദുറഹ്മാൻ, മുനീർ മാത്തിൽ, സാബിഖ് യൂസുഫ്, സമീർ എന്നിവർ സംബന്ധിച്ചു. കഴിഞ്ഞ സെപ്റ്റംബറിൽ അവധിക്ക് നാട്ടിൽ പോയപ്പോഴാണ് സക്കീന മരിച്ചത്. 2012ൽ തുടങ്ങിയ ഒരുമയിൽ ജാതി മത ഭേദമന്യേ 12,276 അംഗങ്ങളുണ്ട്. തൊഴിൽ തേടി കുവൈത്തിലെത്തുന്ന മലയാളികൾ മരിച്ചാൽ നിരാലംബരായ കുടുംബത്തെ സാമ്പത്തികമായി സഹായിക്കുക എന്നതാണ് ഒരുമയുടെ ലക്ഷ്യം. 2014 ലേക്കുള്ള അംഗത്വ കാമ്പയിൻ നടന്നുകൊണ്ടിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് www.orumakuwait.com എന്ന വെബ്സൈറ്റ് സന്ദർശിക്കാം.

Nov 20 2013

## ഐ.ഒ.സി കലാമേള മാർച്ച്


നമ
സുബ്ഹി
ഉദയം
ളുഹ്ർ
വിനിമയ നിര
1000 രൂപക്ക
GULF GOLD PRICES


കമ്മിറ്റി രൂപവത്കരിച്ചിരുന്നു. കമ്മിറ്റി അന്തിമ റിപ്പോർട്ട് ഇതുവരെ സമർപ്പിച്ചിട്ടില്ല.

ലിസ്റ്റ്സ് അസോസിയേഷനും സംയുക്തമായി സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കവെയാണ് അബ്ദുൽ ഫത്താഹ് അലി ഇക്കാര്യം വ്യക്തമാക്കിയത്.

# പയ്യോളി സ്വദേശിനി നാട്ടിൽ നിര്യാതയായി

## മരണം മകളുടെ വിവാഹത്തിന് രണ്ടു ദിവസം മുമ്പ്

കുവൈത്ത് സിറ്റി: കോഴിക്കോട് പയ്യോളി സ്വദേശിനി നാട്ടിൽ നിര്യാതയായി. അവധിക്ക് നാട്ടിൽ പോയ പള്ളിക്കര നാഗമുള്ളതിൽ ചെറിയ പറമ്പത്ത് അബ്ദുൽ ജലാലിൻെറ ഭാര്യ സക്കീനയാണ് (39) മരിച്ചത്.



കുവൈത്തിലായിരുന്ന അബ്ദുൽ ജലാലും കുടുംബവും മൂന്ന് മാസം മുമ്പാണ് വാർഷിക അവധിക്ക് നാട്ടിൽ പോയത്. ഈമാസം തുടക്കത്തിൽ മടങ്ങേണ്ടിയിരുന്ന ഇവർ മകൾ ഷെറിൻ ഹഷാനയുടെ കല്യാണം ശരിയായതിനെ തുടർന്ന് അവധി നീട്ടുകയായിരുന്നു.

അടുത്ത ശനിയാഴ്ച നടക്കേണ്ട വിവാഹത്തിൻെറ ഒരുക്കങ്ങൾക്കിടെയായിരുന്നു മരണം. മൂത്ത മകൻ സുഹൈലിന് കുവൈത്തിൽ തന്നെയാണ് ജോലി. മറ്റൊരു മകൻ സർഹാൻ അബ്ബാസിയ ഇൻറഗ്രേറ്റഡ് ഇന്ത്യൻ സ്കൂൾ വിദ്യാർഥിയാണ്.